**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4802** **27/06/2014- ൽ മറുപടിയ്ക്ക്**

## നാളികേര വികസന ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . പി.കെ. ബഷീർ | ശ്രീ. കെ. പി .മോഹനൻ<br>( കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നാളികേരത്തിന്റെ ഉല്പ്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം സഹായങ്ങൾ/ പ്രോത്സാഹനങ്ങളാണ് നാളികേര വികസന ബോർഡ് നൽകുന്നത്; വിശദമാക്കുമോ: | (എ) നടീൽ വസ്തുക്കളുടെ ഉല്പ്പാദനവും വിതരണവും ഉല്പാദന ക്ഷമതയുടെ വർദ്ധനവിന് വേണ്ടിയുള്ള നാളികേര സംയോജിത കൃഷി രീതി, തെങ്ങിൻ തോട്ടങ്ങളിൽ തെങ്ങിൻതൈകളുടെ പുനർനടീലും പുനരുദ്ധാരണവും തുടങ്ങിയ സ്കീമുകൾ നാളികേര വികസന ബോർഡ് കേരളത്തിലെ നാളികേര ഉൽപ്പാദനത്തിനും ഉല്പ്പാദനക്ഷമതയ്ക്കും വേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ്.<br>**<u>നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും.</u>**<br>ഈ പദ്ധതി പ്രകാരം അത്യുൽപ്പാദന ശേഷിയുള്ളതും പെട്ടെന്ന് കായ്ഫലം നൽകുന്നതുമായ തെങ്ങിനങ്ങൾ ഉല്പ്പാദിപ്പിക്കുകയും ആയത് കൃഷിക്കാർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.<br>**<u>ഉല്പ്പാദനക്ഷമതയുടെ വർദ്ധനവിന് വേണ്ടിയുള്ള നാളികേര സംയോജിത കൃഷി രീതി.</u>**<br>ഈ പരിപാടി അനുസരിച്ച് ഉല്പ്പാദനവും ഉല്പ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സംയുക്തമായ ഒരു സമീപനം വച്ചു പുലർത്തുകയും അതുവഴി മൊത്ത വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.<br>**<u>തെങ്ങിൻ തോട്ടങ്ങളിൽ തെങ്ങിൻതൈകളുടെ പുനർ നടീലും പുനരുദ്ധാരണവും.</u>**<br>ഈ പദ്ധതി അനുസരിച്ച് കൃഷിക്കാർക്ക് ധനപരമായ സഹായങ്ങൾ നൽകുന്നു.<br>(എ) ഉപയോഗ ശൂന്യമായതും രോഗബാധിതമായതും പ്രായമായതുമായ തെങ്ങുകൾ മുറിച്ച് മാറ്റുന്നതിന് ഒരു തെങ്ങിന് 500 രൂപ നിരക്കിൽ നൽകുന്നു.<br>(ബി) ബാക്കിയുള്ള തെങ്ങുകളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 17500 രൂപ എന്ന നിരക്കിൽ നൽകുന്നു.<br>(സി) ഗുണമേന്മയുള്ള തൈ നടീലിന് ഒരെണ്ണത്തിന് 4 രൂപ നിരക്കിൽ നൽകുന്നു. |

(ബി) നാളികേര വികസന ബോർഡ് 2013 -14 വർഷത്തിൽ നാളികേര വികസനത്തിനും പ്രോത്സാഹനത്തിനുമായി എത്ര തുക വിനിയോഗിച്ചെന്ന് ഓരോ വിഭാഗത്തിന്റേയും കണക്ക് വെളിപ്പെടുത്താമോ

(ബി) 2013-14 വർഷത്തിൽ നാളികേര വികസന ബോർഡ് 113.26 ലക്ഷം പല പദ്ധതികൾക്കായി നൽകിയിട്ടുണ്ട്.

| പദ്ധതി | ഫണ്ട് അനുവദിച്ചത് (ലക്ഷത്തിൽ) |
|---|---|
| ഡി.എസ്.പി ഫാമുകളുടെ സ്ഥാപിക്കൽ | 26.05 |
| സ്വകാര്യ ന്യൂക്ലിയസ് സീഡ് ഗാർഡനുകൾക്ക് ഉള്ള സഹായം | 6.00 |
| സ്വകാര്യ നഴ്സറികൾക്കുള്ള സഹായം | 6.10 |
| പ്രാദേശിക തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കൽ | 25.00 |
| കേര കൃഷി സ്ഥലപരിധി വർദ്ധിപ്പിക്കൽ | 3.74 |
| പ്രദർശന പ്ലോട്ടുകളുടെ മാർഗ്ഗരേഖ തയ്യാറാക്കൽ | 603.96 |
| കുട്ടനാട് & ഇടുക്കി പദ്ധതികൾ | 458.75 |
| ജൈവ വള യൂണിറ്റിന് ധന സഹായം | 1.66 |
| **ആകെ** | **1131.26** |

(സി) നാളികേര വികസന ബോർഡ് നാളികേര കർഷകർക്ക് സൗജന്യമായി വളം വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ഏതൊക്കെ വളങ്ങളാണ് വിതരണം നടത്തുന്നത്; 2012-13, 2013-14 വർഷങ്ങളിൽ നാളികേര വികസന ബോർഡ് വിതരണം ചെയ്ത വളത്തിന്റെ കണക്ക് വെളിപ്പെടുത്താമോ?

(സി) പ്രദർശന പ്ലോട്ടുകളുടെ മാർഗ്ഗരേഖ തയ്യാറാക്കൽ തെങ്ങിൻ തോട്ടങ്ങളിൽ തെങ്ങിൻ തൈകളുടെ പുനർ നടീലും പുനരുദ്ധാരണവും എന്നീ പദ്ധതികളിൽ കീഴിൽ നാളികേര വികസന ബോർഡ് കോക്കനട്ട് പ്രോഡ്യൂസേഴ്സ് സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത കർഷകർക്കായി സൗജന്യമായി ലൈം യൂറിയ, റോക്ക് ഫോസ്ഫേറ്റ്, മ്യൂറേറ്റ് ഓഫ് പൊട്ടാഷ്, മഗ്നീഷ്യം സൾഫേറ്റ് എന്നിവ വിതരണം ചെയ്യുന്നുണ്ട്. 2012-13,2013-14 വർഷങ്ങളിൽ നാളികേര വികസന ബോർഡ് വിതരണം ചെയ്ത വളത്തിന്റെ കണക്ക്

| ഐറ്റം | തെങ്ങിൻ തോട്ടങ്ങളിൽതെങ്ങിൻതൈകളുടെപുനർനടീലുംപുനരുദ്ധാരണവും | | പ്രദർശ പ്ലോട്ടുകളുടെ മാർഗ്ഗരേഖ തയ്യാറാക്കൽ | |
|---|---|---|---|---|
| | 2012-13 | 2013-14 | 2012-13 | 2013-14 |
| ലൈം | 6520 | 6999.9 | 595.47 | 654.68 |
| മഗ്നീഷ്യം സൾഫേറ്റ് | 3260 | 3500 | 272.18 | 284.09 |
| കോക്കനട്ട് മിക്ചർ | 22820 | - | - | - |
| യൂറിയ | - | 5632.5 | 544.36 | 568.18 |
| റോക്ക് ഫോസ്ഫേറ്റ് | - | 8448.8 | 816.54 | 852.27 |
| മ്യൂറേറ്റ് ഓഫ് പൊട്ടാഷ് | - | 11265.1 | 1088.72 | 1136.36 |
| ഫിഷ് മീൽ | - | 4786.5 | 268.23 | 432.48 |

Sreelatha

**സെക്ഷൻ ഓഫീസർ**